بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 11.10.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*ഫ്രാൻസിലെ സ്ട്രാസ്ബർഗിലുള്ള മസ്ജിദ് മഹ്ദിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

മനുഷ്യൻ അല്ലാഹുവിനെ പ്രാപിക്കാൻ ആഗ്രഹിച്ചും അവന്റെ പ്രീതി ലക്ഷ്യം വച്ചുംകൊണ്ട് മര്യാദയോടും വിനയത്തോടും എളിമയോടും കൂടി അതിൽ മുഴുകിക്കൊണ്ട് അല്ലാഹുവിന്റെ മുന്നിൽനിന്ന് അവന്റെ തൃപ്തി ആവശ്യപ്പെടുമ്പോളാണ് അത് സ്വലാത്ത് (നമസ്കാരം)ആയിത്തിരുന്നത്. അല്ലാഹുവിനും മനുഷ്യനുമിടയിലുള്ള ബന്ധം വർദ്ധിപ്പിക്കാനുള്ള ഉപാധിയാകുന്നു എന്നതാണ് ദുആയുടെ യാഥാർത്ഥ്യം.

## ഫ്രാൻസിലെ സ്ട്രാസ്ബർഗിലുള്ള മസ്ജിദ് മഹ്ദിയുടെ അനുഗ്രഹ പൂർണമായ ഉദ്ഘാടനം

اَشۡھَدُ اَنۡ لَّا اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۲﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۳﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۴﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۵﴾

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۶﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിക്കൊണ്ട് ഹുസൂർ സൂറ: തൗബയിലെ താഴെപ്പറയുന്ന ആയത്ത് പാരായണം ചെയ്തു;

اِنَّمَا یَعۡمُرُ مَسٰجِدَ اللّٰہِ مَنۡ اٰمَنَ بِاللّٰہِ وَ الۡیَوۡمِ الۡاٰخِرِ وَ اَقَامَ الصَّلٰوۃَ وَ اٰتَی الزَّکٰوۃَ وَ لَمۡ یَخۡشَ اِلَّا اللّٰہَ ۟ فَعَسٰۤی اُولٰٓئِکَ اَنۡ یَّکُوۡنُوۡا مِنَ الۡمُہۡتَدِیۡنَ ﴿۱۸﴾

തുടർന്നരുളി; ഒരു നീണ്ട കാലത്തിനു ശേഷം അല്ലാഹു ഫ്രാൻസിന് ഒരു പള്ളി നിർമ്മിക്കാൻ സൗഭാഗ്യമേകിയിരിക്കുകയാണ്. ഇവിടെ താമസിക്കുന്ന അഹ്മദികൾക്ക് ഇനി മുൻപത്തേക്കാൾ കൂടുതൽ ജമാഅത്ത് വ്യവസ്ഥിതിയുമായി ചേർന്നു നിൽക്കാൻ സാധിക്കും. അല്ലാഹു അവർക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഞാനിപ്പോൾ ഓതിക്കേൾപ്പിച്ച ആയത്തിന്റെ അർത്ഥം ഇപ്രകാരമാകുന്നു; അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്തു നൽകുകുയും അല്ലാഹുവിനെക്കൂടാതെ മറ്റാരെയും ഭയക്കാതിരിക്കുകയും ചെയ്യുന്നവർ മാത്രമേ അല്ലാഹുവിന്റെ പള്ളികളെ പരിപാലിക്കുകയുള്ളൂ. അക്കൂട്ടർ വിജയിത്തിലേക്കു നയിക്കപ്പെട്ടേക്കാം.

പള്ളി നിർമ്മിക്കുകയും അത് പരിപാലിക്കുകയും ചെയ്യുന്നവരുടെ പ്രത്യേകതയായി അല്ലാഹു പറഞ്ഞിരിക്കുന്നത് അവർ അല്ലാഹുവിൽ വിശ്വസിക്കുന്നവരായിരിക്കും എന്നാണ്. അതായത് സർവ്വ ശക്തികളുടെയും ഉറവിടവും അതിന്റെ ഉടമസ്ഥനും അല്ലാഹുവാകുന്നു എന്ന് ദൃഢമായി വിശ്വസിക്കുന്നവരായിരിക്കും അവർ. അതുകൊണ്ട് വിശ്വാസം നേടിയെടുക്കുന്നതിനായി അല്ലാഹുവിലേക്കു കുനിയുകയും അവനെ അങ്ങേയറ്റം ആരാധിക്കുകയും ചെയ്യേണ്ടത് ഒഴിച്ചു കൂടാൻ പറ്റാത്തതാകുന്നു. അല്ലാഹു അവന്റെ മുന്നിൽ കുനിയുന്നവരുടെ വിശ്വാസത്തെ വർദ്ധിപ്പിച്ചുകൊണ്ട് സുദൃഢമാക്കുന്നതാണ്. പിന്നീട്, പള്ളികളിൽ വരുന്നവരുടെ പ്രത്യേകതയായി അല്ലാഹു പറഞ്ഞത് അന്ത്യദിനത്തിലുള്ള ദൃഢമായ വിശ്വാസമാണ്. കാരണം അന്ത്യദിനത്തിലുള്ള ദൃഢവിശ്വാസം തന്നെയാണ് അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് മാത്രം ചെയ്യപ്പെടുന്ന ആരാധനയിലേക്കും ആകർഷിക്കുന്നത്. തൽസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ്: ആഖിറത്തിലുള്ള വിശ്വാസംകൊണ്ടുള്ള പ്രയോജനം അതു മുഖേന ദൈവിക ജ്ഞാനം അവർക്കു ലഭിക്കുന്നു എന്നതാണ്. യഥാർത്ഥ ദൈവിക ജ്ഞാനം യഥാർത്ഥ ദൈവഭയവും ആരാധനയും കൂടാതെ ലഭ്യമാകുന്നതല്ല. തുടർന്നു പറയുന്നു; ഓർക്കുക, ആഖിറത്തിനെക്കുറിച്ചുള്ള സംശയങ്ങൾ വിശ്വാസത്തിന് ഭീഷണിയാകുകയും ശുഭപര്യവസാനത്തിൽ വിള്ളലുണ്ടാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ആഖിറത്തിനെക്കുറിച്ച് ഹൃദയത്തിൽ ഒരിക്കലും സംശയമില്ലാത്തവരും ശുഭപര്യവസാനത്തിനായി അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നവരും മാത്രമാണ് യഥാർത്ഥത്തിൽ ഭക്തരും പള്ളികളെ ജനനിബിഡമാക്കുകയും ചെയ്യുന്നവർ. അതിനു ശേഷം പറഞ്ഞത് സക്കാത്തു നൽകുന്നതിലേക്കും ധനത്യാഗത്തിലേക്കുമുള്ള ശ്രദ്ധയുണ്ടാകുന്നതാണ് എന്നാണ്. പള്ളി പരിപാലിക്കുന്നവരുടെ മറ്റൊരു പ്രത്യേകത അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനായി ത്യാഗങ്ങൾ ചെയ്യുകയും അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുന്നവരായിരിക്കും എന്നതാണ്. ഹൃദയങ്ങളിൽ ദൈവഭയം വർദ്ധിക്കുന്നതിനായിട്ടാണ് ഇതെല്ലാം ചെയ്യുന്നത്. അവന്റെ തൃപ്തിക്കുവേണ്ടി നാം പൂർ

ണ്ണശ്രമം നടത്തിക്കൊണ്ടിരിക്കണം. ഇതെല്ലാം ചെയ്യുന്ന വർ തന്നെയാണ് അവന്റെയടുക്കൽ നേർമാർഗ്ഗം പ്രാപിച്ച വർ എന്ന് അല്ലാഹു പറയുന്നു.

ഹുസൂർ പറയുന്നു: ഓരോ അഹ്മദിയും ഏറ്റവും ആദ്യം തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അവലോകനം ചെയ്തു നോക്കുക. അവർക്ക് അഞ്ചുനേര നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിലേക്കുള്ള ശ്രദ്ധയുണ്ടോ. ജമാഅത്തായുള്ള നമസ്കാരത്തിലേക്ക് ശ്രദ്ധയുണ്ടോ. വെറും പള്ളി നിർമ്മിച്ചതുകൊണ്ടായില്ല. സ്വർഗ്ഗത്തിൽ ഭവനം നിർമ്മിക്കുന്നതിനായി വെറും പള്ളി നിർമ്മിച്ചാൽ മാത്രം പോരാ മറിച്ച് വിശ്വാസത്തോടൊപ്പം കർമ്മത്തിന്റെയും ആവശ്യമുണ്ട്. അല്ലാഹുവിന്റെ കല്പനകളനുസരിക്കേണ്ടത് ആവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിന്റെ കടമകൾ നിറവേറ്റുന്നവരുമാകണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നരുളുന്നു: അതുകൊണ്ടുതന്നെ അല്ലാഹു നമുക്ക് തഖ്‌വയുടെ അദ്ധ്യാപനങ്ങൾ നൽകിക്കൊണ്ട്, തഖ്‌വയുടെ വസിയ്യത്ത് ആയിക്കൊണ്ട് ഒരു ഗ്രന്ഥം നൽകിയിരിക്കുന്നു. ആയതിനാൽ നമ്മുടെ ജമാഅത്ത് ലൗകീകമായ മറ്റെല്ലാ വിഷമങ്ങളെക്കാളും കൂടുതൽ തങ്ങളിൽ തഖ്‌വയുണ്ടോ ഇല്ലയോ എന്ന കാര്യമോർത്താണ് വിഷമിക്കേണ്ടത്. ഒരു മനുഷ്യൻ തന്നിൽ തഖ്‌വയുണ്ടോ ഇല്ലയോ എന്നെങ്ങനെ മനസ്സിലാക്കും? ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് മസീഹ് മൗഊദ്(അ) പറയുന്നു: ആർദ്രതയോടും എളിമയോടും കൂടി നടക്കുന്നവരാണ് മുത്തഖി എന്ന് അല്ലാഹുവിന്റെ വചനങ്ങളിൽ നമുക്ക് കാണാം. അവർ അഹംഭാവത്തോടെ സംഭാഷണം നടത്തുകയില്ല. ചെറിയവർ മുതിർന്നവരോട് സംസാരിക്കുന്ന പോലെയായിരിക്കും അവരുടെ സംസാരം. അല്ലാഹു ആരുടെയും കുത്തകാവകാശിയല്ല. സവിശേഷമായ ഭയഭക്തിയാണ് അവന് ആവശ്യം. ഭയഭക്തി കൈക്കൊള്ളുന്നവർ ഉന്നത സ്ഥാനത്തെത്തുന്നതാണ്. നമ്മുടെ സയ്യിദും മൗലായുമായ നബി(സ)തിരുമേനിയുടെ തന്നെ സത്യസന്ധതയും കൂറും നോക്കുക അവിടന്ന് എല്ലാവിധ ദുഷ്പ്രേരണകളെയും (പ്രലോഭനങ്ങളെയും) നേരിട്ടു. പലതരത്തിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വന്നെങ്കിലും അതൊന്നും വകവച്ചില്ല. ആ ഒരു സത്യസന്ധതയും കൂറും കാരണമായി തന്നെയാണ് അല്ലാഹു പറഞ്ഞത്

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ
يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا
تَسْلِيمًا ﴿٥٧﴾

അതായത് അല്ലാഹുവും അവന്റെ മലക്കുകളും നബി(സ) തിരുമേനിയുടെ പേരിൽ സ്വലാത്തും സലാമും നേർന്നുകൊണ്ടിരിക്കുന്നു അല്ലയോ വിശ്വാസികളേ നിങ്ങളും ആ നബിയിൽ സ്വലാത്തും സലാമും നേർന്നുകൊണ്ടിരിക്കുവിൻ. അതിനാൽ, നമുക്കുള്ള കല്പനയെന്നത് നിങ്ങൾ ദുആ സ്വീകരിക്കപ്പെടണമെന്നാഗ്രഹിക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയിൽ സ്വലാത്തു ചൊല്ലുവിൻ. സ്വലാത്തു കൂടാതെയുള്ള ദുആകൾ മുകളിലെത്തുകയില്ല. ചുരുക്കത്തിൽ, ആരാധനകളുടെ നിലവാരം ഉയർത്തണമെങ്കിൽ, ദൈവസാമിപ്യം പ്രാപിക്കണമെങ്കിൽ സ്വലാത്തു ചൊല്ലേണ്ടതും ആവശ്യമാണ്. സ്വലാത്തു ചൊല്ലുന്ന വ്യക്തി നബി(സ)തിരുമേനിയുടെ ഉത്തമ മാതൃകയെ മുന്നിൽ വച്ചുകൊണ്ട് ചൊല്ലുകയാണെങ്കിൽ മാത്രമേ നബി(സ)തിരുമേനി സ്ഥാപിച്ച ആ മാതൃകയിലൂടെ ചലിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകുകയുള്ളൂ. ഈ അവസ്ഥയിലെത്തുമ്പോൾ അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസനായ നബിയോടുള്ള നമ്മുടെ സ്നേഹപ്രകടത്തിന്റെയും ഫലമായി നമ്മുടെ ദുആകൾക്കു സ്വീകാര്യമായ പദവി ലഭിക്കുന്നതാണ്. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചുകൊണ്ട് സൗമ്യതയും എളിമയും പ്രകടിപ്പിച്ചുകൊണ്ട് തഖ്‌വയിലൂടെ ചലിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ സാധിക്കുകയുള്ളൂ. അവർതന്നെയാണ് വിജയം പ്രാപിക്കുന്നവരും.

നമസ്കാരത്തിന്റെ യാഥാർത്ഥ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; നാം അനുഷ്ഠിക്കുന്ന അഞ്ചുനേര നമസ്കാരങ്ങൾ ശാരീരിക ആവേശങ്ങളിൽനിന്നും വികാരങ്ങളിൽ നിന്നും സംരക്ഷിക്കാത്തിടത്തോളം അത് ശരിയായ നമസ്കാരമാകുകയില്ല. നമസ്കാരമെന്നതിനർത്ഥം തലയിട്ടടിക്കലോ ആചാരാനുഷ്ഠാനം എന്ന നിലയിൽ നിർവ്വഹിക്കലോ അല്ല. നമസ്കാരമെന്നത് ഹൃദയം അനുഭവിച്ചറിയുകയും ആത്മാവ് ഉരുകി ഭീതി ഉളവാക്കുന്ന അവസ്ഥയിലെത്തി അല്ലാഹുവിന്റെ പടിവാതിൽക്കൽ ചെന്നു വീഴുകയുമാണ്. കഴിവിന്റെ പരമാവധി വിങ്ങുന്ന ഹൃദയത്തോടെ കേണപേക്ഷിക്കുകയും ആത്മാവിന്റെ എല്ലാ വികൃതികളിൽനിന്നും ആത്മാവിനകത്തുള്ള ദോഷങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം നമസ്കാരം അനുഗൃഹീതമായിരിക്കും. ഇതിൽ സ്ഥിരചിത്തത കൈക്കൊള്ളുകയാണെങ്കിൽ രാത്രിയിലോ പകലോ ഒരു പ്രകാശം തന്റെ ഹൃദയത്തിൽ വന്നുപതിക്കുന്നതായും അതിലൂടെ നഫ്സെ അമ്മാറയുടെ വികൃതികൾ കുറഞ്ഞുപോയതായും കാണാൻ സാധിക്കുന്നതാണ്. ആയതിനാൽ ആത്മാവിന്റെ തിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി അല്ലാഹുവിനോടു തന്നെ അനുഗ്രഹം തേടേണ്ടതാണ്. നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് വീണ്ടും പറയുന്നു, നമസ്കാരം തന്നെയാണ് ദീനിന്റെ കഴമ്പ്. നമസ്കാരമില്ലാതെ ആരാധനകളുടെ കടമ നിറവേറ്റാനാകില്ല എന്ന കാര്യം എപ്പോഴും ഓർക്കുക. കൂടാതെ നമസ്കാരത്തിന്റെ ചില നിബന്ധനകളുമുണ്ട് അതും പൂർത്തിയാക്കേണ്ടത് ആവശ്യമാണ്. ഞാൻ അല്ലാഹുവിന്റെ മുൻപിൽ വളരെ മര്യാദയോടെയാണ് നിൽക്കുന്നതെന്ന ബോധം ഉണ്ടായിരിക്കണം.

തുടർന്നു പറയുന്നു; മനുഷ്യൻ അല്ലാഹുവിനെ പ്രാപിക്കാൻ ആഗ്രഹിച്ചും അവന്റെ പ്രീതി ലക്ഷ്യം വച്ചും കൊണ്ട് മര്യാദയോടും വിനയത്തോടും എളിമയോടും കൂടി അതിൽ മുഴുകിക്കൊണ്ട് അല്ലാഹുവിന്റെ മുന്നിൽ

നിന്ന് അവന്റെ തൃപ്തി ആവശ്യപ്പെടുമ്പോളാണ് അത് സ്വലാത്ത് (നമസ്കാരം)ആയിത്തിരുന്നത്. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വർദ്ധിക്കുക എന്നതാണ് ദുആയുടെ യാഥാർത്ഥ്യം. ദുആ അല്ലാഹുവിന്റെ സാമിപ്യം പ്രാപിക്കുവാനുള്ള മാർഗ്ഗമാണ്. മനുഷ്യൻ ബുദ്ധിക്ക് നിരക്കാത്ത പ്രവൃത്തികൾ ചെയ്യുന്നതിൽനിന്നു തടയുകയും ചെയ്യുന്നു. സ്വലാത്ത് എന്ന പദം നീറ്റലിനെ സൂചിപ്പിക്കുന്നു. തീപോള്ളലേൽക്കുമ്പോൾ ഉണ്ടാകുന്ന നീറ്റൽ പോലെ ദുആയിലും ഒരു ഉള്ളുരുക്കം ഉണ്ടാകേണ്ടതാണ്. മരാണവസ്ഥ പോലെയുള്ള ഘട്ടത്തിലെത്തുമ്പോളാണ് അതിന്റെ പേര് സ്വലാത്ത് എന്നാകുന്നത്.

ഹുസൂർ പറയുന്നു; നമസ്കാരത്തിന്റെ യഥാർത്ഥ അവസ്ഥ ഇതാണ്. ഇതു കരസ്ഥമാക്കാനാണ് നാം പരിശ്രമിക്കേണ്ടത്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഹദ്റത്ത മസീഹ് മൗഊദ്(അ) ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് മറ്റൊരു സ്ഥലത്ത് പറയുന്നു; ഓർത്തുകൊള്ളുക വിശ്വാസിയാകണമെന്ന് നിങ്ങൾക്കുണ്ടെങ്കിൽ, നമസ്കാരമനുഷ്ഠിക്കലും നിർബന്ധമാണ്. മൂന്നോ നാലോ നേരം നമസ്കരിച്ചുകൊണ്ട് വിശ്വാസിയാണെന്ന വാദിക്കുന്നത് തെറ്റാണ്. എന്തെന്നാൽ ഈമാന്റെ അടിവേര് നമസ്കാരമാകുന്നു. അടിവേരുതന്നെയില്ലെങ്കിൽ അകം പൊള്ളയായ വൃക്ഷത്തെപ്പോലെയാകുന്നു. ചെറിയൊരു കാറ്റുവീശുമ്പോളേക്കും അത് നിലംപതിക്കുന്നതാണ്. അല്ലാഹുവിന് നമ്മുടെ നമസ്കാരങ്ങളുടെ ആവശ്യമെന്താണെന്ന് ചില വിഡ്ഢികൾ ചോദിക്കുന്നു. അല്ലയോ അജ്ഞരേ അല്ലാഹുവിന് അതിന്റെ ആവശ്യമില്ല എന്നാൽ നിങ്ങൾക്കതിന്റെ ആവശ്യമുണ്ട്. അല്ലാഹുവിൽ നിന്നകന്നതിന്റെ ഫലമായി അവതാളത്തിലായിരുന്ന എല്ലാ കാര്യങ്ങളും നമസ്കാരത്തിലൂടെ നേരെയാകുന്നതാണ്. നമസ്കാരം ആയിരക്കണക്കിന് തെറ്റുകളെ അകറ്റിക്കൊണ്ട് ദൈവസാമപ്യത്തിനുള്ള മാർഗ്ഗമായിത്തീരുന്നു. സദുദ്ദേശ്യത്തോടെ പള്ളിയിൽ വരികയും നമസ്കാരം പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് നബി(സ)തിരുമേനി പറയുന്നു: നമസ്കാരം പ്രതീക്ഷിച്ച് പള്ളിയിലിരിക്കുന്ന ഒരാളെ നമസ്കാരത്തിൽത്തന്നെയായി കണക്കാക്കുകയും മലക്കുകൾ അയാളുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അവർ പറയും; അല്ലാഹുവേ ഈ വ്യക്തിയോടു നീ കരുണ കാണിക്കേണമേ. ഇദ്ദേഹത്തിനു പൊറുത്തുകൊടുക്കേണമേ. ഇദ്ദേഹത്തിന്റെ തൗബ സ്വീകരിക്കേണമേ.

ഹുസൂർ പറയുന്നു: ഇത്രമാത്രം ദയാലുവായ അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നതിൽ നാം എന്തുമാത്രം ചിന്തയോടെയോടെയാണ് പരിശ്രമിക്കേണ്ടത്. അഞ്ചുനേരം പള്ളിയിൽവന്നുകൊണ്ട് പള്ളിയെ ജനനിബിഡമാക്കാൻ എന്തുമാത്രം പരിശ്രമിക്കേണ്ടിയിരിക്കുന്നു. മതത്തിന്റെ ലക്ഷ്യം ഒരുമ ഉണ്ടാക്കുകയാണ് എന്നു പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു; മനുഷ്യരെയെല്ലാം ഒറ്റ ആത്മാവാക്കുവാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതാണ് വഹ്ദത്തെ ജംഹൂരി അഥവാ ജനായത്ത ഒത്തൊരുമ. ജമാഅത്തായുള്ള നമസ്കാരങ്ങളും ഒത്തൊരുമയ്ക്കുവേണ്ടിയുള്ളതാണ്. നമസ്കാരക്കാരെയെല്ലാം ഒരൊറ്റ അസ്തിത്വമായി കണക്കാക്കുക. പരസ്പരം ചേർന്നു നിൽക്കുവാനുള്ള കല്പന നൽകിയിരിക്കുന്നത്, കൂടുതൽ പ്രകാശമുള്ളവരിൽനിന്ന് അത് കുറവുള്ള ബലഹീനരായവരിലേക്ക് പകർന്നുനൽകി അവർക്ക് ശക്തി നൽകുന്നതിനു വേണ്ടിയാണ്. ഇത്തരത്തിലുള്ള ജനായത്ത ഒത്തൊരുമ ഉണ്ടാക്കുന്നതിനും അത് നിലനിർത്തുന്നതിനും അല്ലാഹു ആരംഭം കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്, അതായത് പ്രദേശവാസികളെല്ലാവരും അവരവരുടെ പ്രദേശത്തുള്ള പള്ളികളിൽപോയി അഞ്ചുനേര നമസ്കാരങ്ങൾ അനുഷ്ഠിക്കുക എന്നുള്ള പ്രഥമ കല്പന നൽകി. അതിലൂടെ സൽസ്വഭാവങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനും എല്ലാവരുടെയും പ്രകാശം ചേർന്ന് ബലഹീനത അകലുന്നതിനും പരസ്പരം പരിചയപ്പെട്ട് മൈത്രി സംജാതമാകുന്നതിനും വേണ്ടി. രണ്ടാമത്തെ കല്പന, ജുമുആ ദിവസം ജാമിഅ മസ്ജിദിൽ ഒരുമിച്ചുകൂടി പരസ്പരം പരിചയപ്പെടുകയും ഒരുമ നിലനിർത്തുകയും ചെയ്യുക എന്നാണ്. പിന്നീട് രണ്ടു പെരുന്നാളുകളിലും ഗ്രാമവാസികളും നഗരവാസികളും ഒരുമിച്ചുകൂടി നമസ്കരിക്കുവാൻ നിർദ്ദേശം നൽകി. അതിലൂടെ പരസ്പരം പരിചയം പുതുക്കുകയും ജനകീയ ഒത്തൊരുമ സംജാതമാകുകയും ചെയ്യുന്നതാണ്. കൂടാതെ ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് സമ്മേളിക്കുവാനായി, കഴിവുള്ളവർ ജിവിതത്തിൽ ഒരു പ്രാവശ്യം മക്കയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കുക. ചുരുക്കത്തിൽ, പരസ്പരം സ്നേഹവും മൈത്രിയും വർദ്ധിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. ഈ സമ്മേളനങ്ങളെക്കൊണ്ടെല്ലാമുള്ള പ്രയോജനം, ഒരാളിലുള്ള പ്രകാശം മറ്റൊരാളെ സ്വാധീനിക്കുകയും ആ വ്യക്തിക്ക് കരുത്ത് പകരുകയും ചെയ്യുന്നു എന്നതാണ്.

ഹുസൂർ അവിടെയുള്ള പ്രദേശവാസികളോടായി പറഞ്ഞു; അല്ലാഹു നിങ്ങൾക്ക് ഒരു പള്ളി നൽകിയിരിക്കുന്നു. ഈ ഒരുമയുടെ പ്രകടനം ഇവിടെ കാഴ്ചവയ്ക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും ഫലമെടുത്തുകൊണ്ട് ഈ പള്ളിയെ ജനനിബിഡമാക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടമായിട്ടും നമ്മൾ അതിനെ വിലമതിക്കുന്നില്ലായെങ്കിൽ അത് ദൗർഭാഗ്യമായിരിക്കും. ഓരോ അഹ്മദിയും ചിന്തിക്കേണ്ട അവസരമാണിത്. പരിശ്രമത്തിലൂടെ പള്ളിയെ ജനനിബിഡമാക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു;

'എന്റെ ജമാഅത്തിൽപ്പെട്ടവരെന്ന് സ്വയം ഗണിക്കുന്ന ജനസാകല്യമേ, യഥാർത്ഥത്തിൽ ഭയഭക്തിയുടെ വഴിയിലൂടെ പദമൂന്നുമ്പോൾ മാത്രമേ നിങ്ങൾ ആകാശത്ത് എന്റെ ജമാഅത്തിൽപെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. അതിനാൽ നിങ്ങൾ നിങ്ങളുടെ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുവെന്ന വിധത്തിൽ അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകൾ അല്ലാഹുവിനുവേണ്ടി സത്യസന്ധമായി പൂർത്തിയാക്കുവിൻ.

നല്ല വണ്ണം ഓർമ്മവയ്ക്കുക, തഖ്‌വയോടുകൂടിയല്ലാത്ത ഒരു കർമ്മവും അല്ലാഹുവിലേക്കെത്തുന്നതല്ല. തഖ്‌വ -ഭയ ഭക്തി -യാണ് എല്ലാ നൻമയുടെയും വേര്. ഏതൊരു കർമ്മത്തിലാണോ ഈ വേരുള്ളത് ആ കർമ്മം പാഴായിപ്പോകുന്നതല്ല. നിങ്ങൾ അല്ലാഹുവിന്റെ അവസാന ജമാഅത്താകുന്നു. ആയതിനാൽ നിങ്ങൾ സൽക്കർമ്മങ്ങളിൽ വച്ചേറ്റവും മികച്ചത് കാഴ്ചവയ്ക്കുവിൻ. നിങ്ങളിൽനിന്നുള്ള അലസൻമാർ ഓരോരുത്തരും ഒരു ചീഞ്ഞ വസ്തുവിനെപ്പോലെ ജമാഅത്തിൽ നിന്നും വലിച്ചെറിയപ്പെടുന്നതാണ്.

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേദന തിങ്ങുന്ന ഈ വാക്കുൾ മനസ്സിലാക്കിക്കൊണ്ട് വിശ്വാസത്തിൽ അഭിവൃദ്ധി നേടാൻ തൗഫീഖ് നൽകുമാറാകട്ടെ. ആരാധകളോടുള്ള കടമ പൂർത്തിയാക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലഹുവുമായി ജീവസ്സുറ്റ ബന്ധം സ്ഥാപിക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ. ഈ പള്ളിയെ എപ്പോഴും ജനനിബിഡമാക്കുവാനും നമുക്ക് സാധിക്കട്ടെ.

പള്ളിയെക്കുറിച്ചുള്ള വിശദീകരണം നൽകിക്കൊണ്ട് ഹുസൂർ പറഞ്ഞു; ഇതിന്റെ ആകെ വിസ്താരം 2640 ചതുരശ്ര അടിയാണ്. മുൻപുതന്നെ അത് ഒരു വലിയ ഹാൾ സഹിതം പതിനഞ്ച് മുറികളുള്ള ഒരു മൂന്നുനില കെട്ടിടമായിരുന്നു. ആർക്കിടെക്റ്റർമാർ ഒരു മില്യൺ യൂറോയുടെ എസ്റ്റിമേഷനാണ് നൽകിയിരുന്നത്. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഫ്രാൻസ് അത് പൂർത്തിയാക്കുമെന്ന വാഗ്ദാനം നൽകുകയും ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഞ്ചു ലക്ഷത്തി മുപ്പതിനായിരം യൂറോയ്ക്ക് ഈ പള്ളിയുടെ നിർമ്മാണം പൂർത്തിയായി.

ഹുസൂർ പറഞ്ഞു: ഇങ്ങനെയൊരു പള്ളി നിർമ്മിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ലജ്നയും അൻസ്വാറും ചേർന്നുകൊണ്ട് ഒരു പള്ളി നിർമ്മിക്കുവാനുള്ള ബാധ്യത ഏറ്റെടുക്കുകയാണ് വേണ്ടത്. അൻസ്വാറും ലജ്നയും ചേർന്നുകൊണ്ട് അടുത്ത മൂന്നു വർഷത്തിനകം ഒരു പള്ളികൂടി ഇവിടെ നിർമ്മിക്കപ്പെടണം. ഈ പള്ളിയിൽ ഇപ്പോൾ 250 പേർക്കു നമസ്കരിക്കുവാനുള്ള സ്ഥലമാണുള്ളത്. 50 വാഹനങ്ങൾ പാർക്ക് ചെയ്യുവാനുള്ള സ്ഥലവുമുണ്ട്. ജമാഅത്തിന്റെ ഒരു ഓഫീസും ലജ്നയുടെ ഒരു ഓഫീസുമുണ്ട്. സ്ത്രീകൾക്കും പുരുഷൻമാർക്കും ലൈബ്രറിയുണ്ട്. ഒരു വലിയ കവേർഡ് പാർക്കിങ് ഹാളുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ അവിടെയും 125 പേർക്ക് ഇരിക്കാം. 15 മുറികളുള്ള ഒരു കെട്ടിടമായിരുന്നു മുൻപ് ഉണ്ടായിരുന്നത്. അതിനെ രണ്ടാമത് റിപ്പയർ ചെയ്തിരിക്കുകയാണ്. ഇതും ഉപയോഗ യോഗ്യമാണ്. സ്ട്രാസ്ബർഗ് നഗരത്തിൽ നിന്നും പതിനഞ്ചു കിലോമീറ്റർ അകലത്തിലാണ് ഈ പള്ളിയുള്ളത്. പള്ളിയുടെയും ഹാളിന്റെയും കവേർഡ് ഏരിയ 303 ചതുരശ്ര മീറ്റർ ആണ്. മുറബ്ബി ഹൗസും നാലു മുറികളുള്ള ഗെസ്റ്റ് ഹൗസും ഉണ്ട്. മിനാരം പണിയുവാനുള്ള അനുമതി ലഭിച്ചില്ലെങ്കിലും പള്ളിയുടെ വലതുഭാഗത്തായി ഒരു ഡൂം വയ്ക്കുവാനുള്ള അനുമതി ലഭിച്ചു. അത് വളരെ മനോഹരമാണ്. പള്ളിക്കകത്ത് മിഹ്റാബ് ഉണ്ട്. അല്ലാഹു ഇത് എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. ഈ പള്ളി നിർമ്മാണത്തിനു വേണ്ടി ത്യാഗം ചെയ്ത ഖാദിമീങ്ങളുടെ ജീവനും സ്വത്തിനും അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകട്ടെ. സാമ്പത്തിക ത്യാഗം മാത്രമല്ല അവർ ചെയ്തിട്ടുള്ളത്. പള്ളിയെ ജനനിബിഡമാക്കുന്ന കാര്യത്തിന്റെ പൊരുൾ മനസ്സിലാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഖാദിമീങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയരട്ടെ. മൊത്തം ജമാഅത്തംഗങ്ങളുടെ നിലവാരവും വർദ്ധിച്ചുകൊണ്ടിരിക്കട്ടെ. (ആമീൻ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ- وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mahdi Mosque, Strasbourg. France. – on 11.10.2019
Malayalam Translation: **Moulavi Najmudheen** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516